16/1/23

30/12/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ AP.No.2068 (5)/2021/SIC

## തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 11109/SIC-G7/2021

സന്നിഹിത

ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ഉത്തരവ് തീയതി :. 30.12.2022

ശ്രീ.ദിനേശ് ജി.നായർ,
ശ്രീഭദ്രാ സദനം, കോട്ടയ്ക്കകം വാർഡ്,
ചവറ പി.ഒ, കൊല്ലം – 691583. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ചവറ ഗ്രാമപഞ്ചായത്ത് കാര്യാലയം,
   ചവറ, കൊല്ലം – 691 583.

2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ,
   ചവറ ബ്ലോക്ക് പഞ്ചായത്ത്, ചവറ പി.ഒ, കൊല്ലം – 691583.

3. അപ്പീൽ അധികാരി,
   എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ,
   ചവറ ബ്ലോക്ക് പഞ്ചായത്ത്, ചവറ പി.ഒ, കൊല്ലം – 691583.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 22.04.2021 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 06.05.2021 |
| ഒന്നാം അപ്പീൽ | 02.08.2021 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 24.08.2021 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 15.09.2021 |
| ഹിയറിംഗ് തീയതി, | 24.05.2022 |
| എതിർകക്ഷി<br>അപ്പീൽവാദി | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, ചവറ ഗ്രാമപഞ്ചായത്തിലെ ചെക്കാട്ടുമുക്ക്- വിളയ്ക്കാട്ടു പടിഞ്ഞാറുമുക്ക് റോഡ് ചവറ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയ തീയതി ലഭ്യമാക്കുക, ആസ്തി രജിസ്റ്ററിലെ പേജുകളുടെ പകർപ്പ് ലഭ്യമാക്കുക എന്നതുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക്

ഒന്നും രണ്ടും എതിർകക്ഷികൾ നൽകിയ മറുപടി തൃപ്തികരമല്ലെന്ന് ആരോപിച്ചുകൊണ്ടാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചത്.

2. വിവരാവകാശ അപേക്ഷയ്ക്ക് വസ്തുതയ്ക്ക് വിരുദ്ധമായ മറുപടിയാണ് ലഭ്യമാക്കിയതെന്നും സമയബന്ധിതമായി മറുപടി ലഭ്യമാക്കാതെ ഒന്നാം അപ്പീൽ സമർപ്പിച്ചതിനുശേഷമാണ് മറുപടി നൽകിയതെന്നും കമ്മീഷന്റെ നിർദ്ദേശപ്രകാരം നൽകിയ മറുപടിയിൽ ആവശ്യപ്പെട്ട യാതൊരു വിവരവും ലഭ്യമാക്കിയില്ലെന്നും പത്താമത്തെ ചോദ്യത്തിനുള്ള മറുപടി ലഭ്യമായില്ലെന്നും പ്രസ്തുത മറുപടി തൃപ്തികരമല്ലാത്തതിനാൽ സമർപ്പിച്ച അപ്പീലിന്മേൽ എസ്.പി.ഐ.ഒ.യുടെ മറുപടി അംഗീകരിച്ചുകൊണ്ടാണ് അപ്പീൽ തീർപ്പാക്കിയതെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

3.. അപ്പീൽ ഹർജിക്കാരൻ ചവറ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ വിവിധ ഫയലുകളിൽ നിന്നുള്ള വിവരങ്ങൾ ആവശ്യപ്പെടുകയും അതിൽ 1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ 1,2 ചോദ്യങ്ങൾക്കുള്ള മറുപടി നൽകുകയും 3 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിലേയ്ക്കായി വിവരാവകാശ നിയമത്തിലെ 6(3) വകുപ്പ് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ, LID and EW സെക്ഷന് കൈമാറുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 06.05.2021 ൽ ഫീസ് ഒടുക്കുവാനുള്ള നിർദ്ദേശം നൽകിക്കൊണ്ട് മറുപടി നൽകിയിട്ടുണ്ടെന്നും പ്രസ്തുത മറുപടി തൃപ്തികരമല്ലാത്തതിനാൽ സമർപ്പിച്ച അപ്പീലും സമയബന്ധിതമായി തന്നെ തീർപ്പാക്കിയിട്ടുണ്ടെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

4. അപ്പീൽ ഹർജിയും, അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരൻ 22.04.2021 ൽ ചവറ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 26.04.2021 ൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമായ മറുപടി നൽകുകയും 3 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്കുള്ള മറുപടി നൽകുന്നതിലേയ്ക്കായി ചവറ എൽ.എസ്.ജി.ഡി സെക്ഷനിലേയ്ക്ക് കൈമാറിയതായും ചവറ എൽ.എസ്.ജി.ഡി

സെക്ഷനിൽ നിന്നും 06.05.2021 ൽ ഹർജിക്കാരന് മറുപടി ലഭ്യമാക്കിയതായും കമ്മീഷൻ കാണുന്നു. വസ്തുതകൾ മൊത്തത്തിൽ വിലയിരുത്തുമ്പോൾ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നതിൽ പത്താമത്തെ ചോദ്യത്തിനൊഴികെയുള്ള വിവരങ്ങൾ ടിയാന് തൃപ്തികരമാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ 22.04.2021 ന് ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിന്മേൽ പ്രതിപാദിച്ചിരിക്കുന്ന പത്താമത്തെ ചോദ്യത്തിനുള്ള മറുപടി ഒരിക്കൽകൂടി ഫയൽ വ്യക്തമായി പരിശോധിച്ച് ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം ടിയാന് സൗജന്യമായി ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം രേഖാമൂലം എസ്.പി.ഐ.ഒ കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഡിസംബർ മാസം 30-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)

**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**